# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1248** 02-03-2017-ൽ മറുപടി നൽകേണ്ടത്

## <u>വിദ്യാഭ്യാസ വായ്പ</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.പി.സജീന്ദ്രൻ | : | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്.<br>വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത കടക്കെണിയിലായ തൊഴിൽ രഹിതരായ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഒരു കരട് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) തയ്യാറാക്കിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) തൊഴിൽ ലഭിക്കുന്നതുവരെ തിരിച്ചടവിന് മോറട്ടോറിയം നൽകണമെന്ന് ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള പ്രതികരണം എന്താണ്; | (ബി) തൊഴിൽ ലഭിക്കുന്നതുവരെ തിരിച്ചടവിന് സാവകാശം ആവശ്യപ്പെട്ട് ലഭിക്കുന്ന നിവേദനങ്ങളിൽ തിരിച്ചടവിന് സാവകാശം നൽകുവാൻ ബാങ്കുകളോട് ആവശ്യപ്പെടാറുണ്ട്. |

| | |
|---|---|
| സി) കുടിശ്ശികയായ വായ്പ തുക മാത്രം തിരിച്ചടച്ച് ബാദ്ധ്യത അവസാനിപ്പിക്കണം എന്ന നിർദ്ദേശം സർക്കാർ ബാങ്കുകളുമായി ചർച്ച ചെയ്തിട്ടുണ്ടോ; | (സി) & (ഡി) കുടിശ്ശികയായ വായ്പാതുക മാത്രം തിരിച്ചടച്ച് ബാധ്യത അവസാനിപ്പിക്കണം എന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തിൽ ബാങ്കുകളുമായി ചർച്ച ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു മറുപടി ലഭ്യമായിട്ടില്ല. |
| ഡി) ഇക്കാര്യത്തിൽ അവർ അനുകൂല പ്രതികരണം നൽകിയിട്ടുണ്ടോ? | |

**സെക്ഷൻ ഓഫീസർ**